ഉത്തരം

(എ) ഇംഗ്ലീഷ് ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ നിലവിലുള്ള ഒഴിവുകൾ മലയാളം ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും നികത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പി.എസ്.സി.യുമായി ആലോചിച്ച് പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ പി.എസ്.സി.യുടെ ഉപദേശമനുസരിച്ചേ തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സുരേന്ദ്രനെതിരെയുള്ള വിജിലൻസ് അന്വേഷണം

68 (2997)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അബ്കാരി കോൺട്രാക്ടറായിരുന്ന യമഹ സുരേന്ദ്രൻ എന്ന പേരിലറിയപ്പെടുന്ന സുരേന്ദ്രനെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ടോ; എങ്കിൽ എന്തിനെ സംബന്ധിച്ചാണ്;

(ബി) വിവാദപരമായ 'മാസപ്പടി' കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) ഇവർക്കെതിരെ ചുമത്തപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതുവരെ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പോലീസ് എക്സൈസ് ഉദ്യോഗസ്ഥൻമാർ അബ്കാരി കോൺട്രാക്ടർമാരിൽനിന്നും കൈക്കൂലി വാങ്ങുന്നതും അനധികൃത ചാരായ വില്പനയ്ക്ക് കൂട്ടുനിൽക്കുന്നതും സംബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ടു വിജിലൻസ് കേസ്സുകളിൽ അബ്കാരി കോൺട്രാക്ടർ ശ്രീ. പി. സുരേന്ദ്രൻ ഒരു പ്രതിയാണ്.

(ബി) മേല്പറഞ്ഞ കേസ്സുകളിലെ പ്രതികളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പത്തനംതിട്ട ജില്ലയിലെ അബ്കാരി കോൺട്രാക്ടർമാരുടെ പക്കൽനിന്നും എക്സൈസ്/പോലീസ് ഉദ്യോഗസ്ഥന്മാർ പണം വാങ്ങുകയും അതിനുപകരം അനധികൃത ചാരായ വില്പനക്ക് പ്രസ്തുത കോൺട്രാക്ടർമാർക്ക് ആവശ്യമായ സഹായം നൽകുകയും ചെയ്തു എന്നുള്ളതാണ് കേസിനാസ്പദമായ ആരോപണങ്ങൾ.

(ഡി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ ക്രൈംബ്രാഞ്ചും വിജിലൻസും അന്വേഷണം നടത്തിവരുകയാണ്.

---

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[19-7-99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (2997)-ന്റെ 'ബി' ഉത്തരം കാണുക]

1. ശ്രീ. റ്റി.ആർ. മോഹനൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
2. ശ്രീ. തോമസ് എബ്രഹാം, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
3. ശ്രീ. വി.കെ. സുകുമാരൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (റിട്ടയേർഡ്)
4. ശ്രീ. മുഹമ്മദ് ഹുസൈൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
5. ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ഇൻസ്പെകടർ ഓഫ് പോലീസ്
6. ശ്രീ. റ്റി.വി. ബഞ്ചമിൻ, ഇൻസ്പെക്ടർ ഓഫ് പോലീസ്
7. ശ്രീ. വി. കുട്ടപ്പൻ, ഇൻസ്പെക്ടർ ഓഫ് പോലീസ്
8. ശ്രീ. കെ.എം. വർഗ്ഗീസ്, അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ
9. ശ്രീ. പി.സി. സജീവൻ, പോലീസ് സബ് ഇൻസ്പെക്ടർ
10. ശ്രീ. പി. സുരേന്ദ്രൻ, വലിയാനമുറി അബ്ക്കാരി കോൺട്രാക്ടർ
11. ശ്രീ. കെ. കിഷോർ, കൊട്ടാരക്കര (സ്വകാര്യ വ്യക്തി)
12. ശ്രീ. ഷാഫി, പേയാട് (സ്വകാര്യ വ്യക്തി)
13. ശ്രീ. എ. രഘുനാഥ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
14. ശ്രീ. സി.ജെ. ബാബു, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ
15. ശ്രീ. ബി. സോമരാജൻപിള്ള, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
16. ശ്രീ. വി. ത്യാഗരാജൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
17. ശ്രീ. എം. മോഹൻദാസ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
18. ശ്രീ. എൻ.എസ്. സലീൻകുമാർ, എക്സൈസ് ഇൻസ്പെക്ടർ
19. ശ്രീ. സി.എസ്. ബാലകൃഷ്ണൻ, എക്സൈസ് ഇൻസ്പെക്ടർ
20. ശ്രീ. പി.എസ്. ഗോപി, മാനേജർ, എക്സൈസ് ഡിവിഷൺ ഓഫീസ്, പത്തനംതിട്ട
21. ശ്രീ. തോമസ് കെ. എബ്രഹാം, എക്സൈസ് ഇൻസ്പെക്ടർ
22. ശ്രീ. പി.പി. അലിയാരുകുഞ്ഞ്, എക്സൈസ് ഇൻസ്പെക്ടർ

അനുബന്ധം VIII

[19-7-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 69 (2998)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല - 12.4.1999-ന് ബേപ്പൂർ പഞ്ചായത്തിൽ ഉണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ച വർക്ക് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ജെ) വകുപ്പ്

ജി.ഒ.(ആർ.റ്റി.)നം: 2310/99/റവ. തിരുവനന്തപുരം, തീയതി : 3.6.1999

പരാമർശം: കോഴിക്കോട് ജില്ലാ കളക്ടറുടെ 25.4.1999-ലെ എസ്2/18418/99 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ, ബേപ്പൂർ താലൂക്കിൽ 12.4.1999-ന് ഉണ്ടായ ആക്രമണത്തിൽ 17 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly